# മനസ്സിലെ കഥകൾ

**വാസുദേവ് പുളിക്കൽ**

അതെ, മനസ്സിലാണ് കഥകൾ നാമ്പിടുന്നത്. അത് വളർന്ന് പന്തലിച്ച് പുഷ്പിക്കുമ്പോൾ ആ പുഷപങ്ങൾ ഭാവനയുടെ വാക്കുകളായി ഉതിർന്ന് കഥ രൂപവൽക്കരിക്കപ്പെടുന്നു. ബാബു പാറയ്ക്കലിന്റെ മനസ്സിലും കഥകൾ രൂപം കൊണ്ടു. ബാബു പാറയ്ക്കലിനെ ഒരു നോവലിസ്റ്റായൊ ചെറുകഥാകൃത്തായോ കാണാം. ചെറുകഥ ആവിഷ്ക്കരിക്കാനുള്ള ചാതുര്യമാണ് അദ്ദേഹത്തിൽ മുന്തിനിൽക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ 'മനസ്സിൽ സൂക്ഷിച്ച കഥകൾ' എന്ന് കഥാസമാഹാരത്തിലെ കഥകൾ അവലോകനം ചെയ്യുമ്പോൾ മനസ്സിലാകുന്നത്. സ്വന്തം ജീവിതാനുഭവങ്ങളോടൊപ്പം ചുറ്റുപാടുമുള്ളവരുടെ ജീവിതം സൂക്ഷ്മമായി നിരീക്ഷിച്ചതിന്റെ ഫലമാണ് ഈ കഥകൾ. കഥാപാത്രങ്ങൾക്ക് വായനക്കാരുടെ മനസ്സിൽ നിന്ന് മാഞ്ഞു പോകാത്ത വിധം കരുത്ത് പകർന്നുകൊണ്ട് ലളിതമായ ഭാഷയിലുള്ള ഒരു ആവിഷ്ക്കരണ രീതിയാണ് കഥാകൃത്ത് സ്വീകരിച്ചിരിക്കുന്നത്.

ഈ സമാഹാരത്തിലെ പല കഥകളും കുടിയേറ്റക്കാരുടെ ജീവിതം പ്രതിപാദിക്കുന്നതാണ്. മലയാളി കുടിയേറ്റക്കാരുടെ കഥയല്ലെങ്കിലും, കുടിയേറ്റമണ്ണിൽ നടക്കുന്ന കഥയാണ് 'കാത്തിരിപ്പ്'. വിയറ്റ്നാം യുദ്ധത്തിൽ തടവുകാരനാക്കപ്പെട്ട് ജയിൽ ശിക്ഷയനുഭവിച്ച് തിരിച്ചെത്തി, ഭാര്യയും ഒരേ ഒരു മകളും നഷ്ടപ്പെട്ട് ശൂന്യതയിൽ ജീവിക്കുന്ന ഒരു ഹതഭാഗ്യന്റെ വേദനിപ്പിക്കുന്ന കഥയാണ് കാത്തിരിപ്പിൽ അനാവൃതമാകുന്നത്. ന്യൂയോർക്ക് സിറ്റിയിലെ സബ് വെ സ്റ്റേഷനെ ചുറ്റിപ്പറ്റി നടക്കുന്ന ഗൗരവമുള്ള കഥയായതിനാൽ വർണ്ണക്കഴ്ചകൾക്ക് പ്രസക്തിയില്ലെന്ന് കഥാകാരൻ മനസ്സിലാക്കുന്നു. അതുകൊണ്ട് സൗകുമാര്യപദങ്ങളോ മധുരോദരമായ പദങ്ങളോ ഉപയോഗിച്ചുള്ള വർണ്ണനത്തിന് സ്ഥാനമില്ലെന്ന് കഥാകരനറിയാം. കഥാനായകൻ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ അതിന്റെ എല്ലാ ഭാവങ്ങളോടെ മൗലികമായ മിതഭാഷയിൽ ആവിഷ്ക്കരിക്കുന്നതിനാണ് കഥാകാരൻ പ്രാധന്യം നൽകിയിരിക്കുന്നത്. ചീത്ത കൂട്ടുകെട്ടിലേർപ്പെട്ട് അമിതമായി മയക്കുമരുന്നു കഴിച്ച് മരിച്ചു പോയ തന്റെ മകൾ കാതറിനെ ഓർത്ത് പിതാവ് റിച്ചാർഡിന്റെ ജീവിതം തറുമാറായിപ്പോയി. യുവതലമുറയുടെ ചീത്ത കൂട്ടുകെട്ടും മയക്കുമരുന്നും അമേരിക്കൻ സമൂഹത്തിന് പുത്തരിയല്ലെങ്കിലും അത് കണ്ട് സമനിലെ തെറ്റുന്ന മനസ്സുകൾ വിരളമാണ്. അങ്ങനെ മനോവൈകല്യം സംഭവിച്ച ഒരു മനസ്സിന്റെ, മരിച്ചു പോയ മകൾക്കുവേണ്ടിയുള്ള കാത്തിരിപ്പാണ് ഈ കഥയുടെ പുതുമ. പ്രിയപ്പെട്ടവരുടെ മരണം അംഗീകരിക്കാൻ സ്നേഹമുള്ളവർക്ക് ബുദ്ധിമുട്ടാണ്. മരിച്ചു പോയ തന്റെ മകൾ തിരിച്ചു വരുമെന്നും മകാളോടൊപ്പം ക്രിസ്മസ് ആഘോഷിക്കാമെന്നും മാനസിക വിഭ്രാന്തിയിൽ നിന്നുണ്ടാകുന്ന പ്രതീക്ഷയിൽ മകളുടെ മരണസമയത്ത് മാധ്യമങ്ങളുടെ വിഭിന്ന ഭാവവികാരങ്ങളോടെ പ്രസിദ്ധീകരിക്കപ്പെട്ട പത്രവാർത്തകൾ മകളെ കാണിച്ച് ലോകം നുണ പറയുകയായിരുന്നു എന്ന് മകളെ ബോധ്യപ്പെടുത്താൻ വർഷങ്ങളോളം പഴക്കമുള്ള മകളുടെ മരണത്തെപ്പറ്റിയുള്ള കഥകളെഴുതിയ പത്രക്കടലാസുകൾ മാറാപ്പിലേറ്റി നടക്കുന്ന പിതാവിന്റെ ചിത്രം വായനക്കാരുടെ മനസ്സിൽ നിന്ന് മാഞ്ഞു പോയെന്നു വരില്ല. സൃഷ്ടിയിൽ ലോകം ശുദ്ധവും സത്യസന്ധവു ആയിരുന്നു. പിന്നീട് മനുഷ്യരുടെ ജീവിതരീതിയുടെ ദുഷിപ്പുകൊണ്ട് ലോകം മലിനമായി.

കാത്തിരിപ്പിലെ പോലെ മടക്കയാത്ര എന്ന കഥയിലും കഥാനായകൻ തീവൃമായ മാനസിക സംഘർഷങ്ങളിലൂടെ കടന്നു പോകുന്നുണ്ട്. കാത്തിരിപ്പിൽ മാനസികസംഘർഷം നായകനെ അനിശ്ചിതത്വത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും കൊണ്ടെത്തിക്കുന്നുവെങ്കിൽ മടക്കയാത്രയിൽ കഥനായകൻ മാനസിക സംഘർഷത്തിൽ നിന്ന് കർത്തവ്യനിർവ്വഹണം എന്ന പാഠം പഠിക്കുന്നു, സ്വന്തം കാര്യസാദ്ധ്യതക്കായി കർത്തവ്യത്തിൽ നിന്ന് വ്യതിചലിക്കുമ്പോൾ അത് മറ്റുള്ളവരിൽ ഉണ്ടാക്കുന്ന വേദനയും അസ്വസ്ഥതയും മനസ്സിലാക്കുന്നില്ല. പലരുടേയും, പ്രത്യേകിച്ച് ജീവിതമാർഗ്ഗം തേടി നാടുവിടുന്നവരുടെ ജീവിതത്തിൽ സംഭവിക്കുന്ന ഒന്നാണ് ഈ ഉത്തരവദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടം. സ്വന്തം സൗകര്യങ്ങളൊന്നും ഉപേക്ഷിക്കാൻ തയ്യാറാകാതെ മതാപിതാക്കളെ ശ്രുശ്രൂഷിക്കുന്നതിൽ നിന്ന് വിട്ടുമാറി അവരെ വൃദ്ധസദനത്തിലാക്കി കയ്യൊഴിയുന്നു. അതുകൊണ്ട് മതാപിതാക്കൾക്കുണ്ടാകുന്ന മാനസിക സമ്മർദ്ദത്തെപറ്റി അവർ ചിന്തിക്കുന്നതേയില്ല. ഈ ഒരു പാശ്ചത്തലത്തിലാണ് മടക്കയാത്ര എന്ന കഥ ആവിഷ്ക്കരിക്കപ്പെടുന്നത്.

നേഴ്സിനെ വിവാഹം ചെയ്ത് അമേരിക്കയിൽ ജീവിതം സുഖസമൃദ്ധമാക്കി, രോഗിയായ അമ്മയെ പരിചരിക്കാൻ തയ്യാറാകാതെ അമ്മയെ വൃദ്ധസദനത്തിലാക്കാൻ തീരുമാനിച്ച് നാട്ടിലേക്ക് പോകുന്ന ജോബിയുടെ മാനസിക സംഘർഷവും പരിവർത്തനവും കഥാകാരൻ ആവിഷ്ക്കരിക്കുന്നു. കഥയുടെ തുടക്കത്തിൽ സംഭവങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു വിവരണമാണോ എന്ന ചിന്ത വായനക്കാരിലുണ്ടാക്കിയേക്കാമെങ്കിലും മുന്നോട്ടു പോകുമ്പോൾ കഥ സർഗ്ഗാത്മകവും ഭാവനാസമ്പന്നവുമാകുന്നത് കാണാം. തന്നെ വൃദ്ധസദനത്തിലാക്കുന്നു എന്ന വാർത്ത കേട്ട് അമ്മയുടെ കണ്ണു നിറഞ്ഞതല്ലാതെ മറുത്തൊന്നും പറയുന്നില്ല. അമ്മ ഉന്നയിച്ചത് തന്നെ ഭർത്താവിൻെറ കുഴിമാടത്തിനടുത്തു സംസ്കരിക്കണമെന്ന ഒരാവശ്യം മാത്രം. മരണം വരെ ഭർത്താക്കന്മാർ കൂടെത്തന്നെ ഉണ്ടാകണമെന്നുള്ളതാണ് പതിവ്രതമാരായ ഭാര്യമാരുടെ അഭിലാഷം. 'ഭർത്തവിൻെറ കൂടെ നടക്കുമ്പോൾ എത്രയും കൂർത്തുമൂർത്ത കല്ലും മുള്ളുകളും പുഷ്പാസ്തരണ' തുല്യമാണ് എന്നു കരുതുന്നവരാണാവർ. ആഘോഷിക്കാനായി മദ്യക്കുപ്പികളുമായി കസിൻ ഡോ. ഷാജിയുടെ വീട്ടിലെത്തിയ ജോബിയെ ആഘോഷം പിന്നീടാകമെന്ന് പറഞ്ഞ് ഡോ. ഷാജി നടത്തിക്കൊണ്ടിരിക്കുന്ന ഒരു അനാഥാലയത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി. മുന്നൂറിൽ പരം കുട്ടിളെ സംരക്ഷിക്കുന്ന അനാഥാലയത്തിനോട് അനുബന്ധിച്ച് ഒരു വൃദ്ധസദനവുമുണ്ട്. ആ കുട്ടികളുടെ കഷ്ടപ്പാട് നിറഞ്ഞ ജീവിതവും വൃദ്ധസദനത്തിലെ നിസ്സഹായരായവരേയും കുറിച്ചുള്ള ചിന്തയും ജോബിയുടെ മനസ്സിൽ സംഘർഷങ്ങളുടെ ഒരു വേലിയേറ്റം തന്നെയുണ്ടാക്കി. നിങ്ങൾ മദ്യത്തിനായി ചിലവാക്കിയ പണം അവരുടെ ഒരു ദിവസത്തെ ഭക്ഷണത്തിനു മതിയാകുമെന്ന ഷാജിയുടെ വാക്കുകൾ ജോബിയുടെ മനസ്സിൽ കൂരമ്പു പോലെ തറച്ചു കാണും. ഒരു തരം കുറ്റബോധം അയാളെ വേട്ടയാടിയിട്ടുണ്ടാകും. ജോബി മദ്യപിച്ചുള്ള ആഘോഷം വേണ്ടെന്നു വച്ചു. മടക്കയാത്രയിൽ ആകാശത്തിൻെറ മുകൾത്തട്ടിലൂടെ പറക്കുന്ന വിമാനത്തിൻെറ വിൻെറാ സീറ്റിലിരുന്നു ആകാശനീലിമയിലേക്ക് നോക്കി അമ്മ തൻെറ മകൻെറ മനം മാറ്റത്തിൽ സംതൃപ്തയാകുന്നതായി ജോബി മനസ്സിലാക്കുന്നു. അമ്മയുടെ ആത്മസംതൃപ്തിയിൽ ജോബിയും സംതൃപ്തനാണ്. ജോബിക്ക് തൻെറ കർത്തവ്യം നിർവ്വഹിച്ചതിലുള്ള അഭിമാനവും സന്തോഷവുമാണ്. കർത്തവ്യം എന്തെന്ന് മനസ്സിലാക്കാതെ വരുമ്പോൾ ഉണ്ടാകുന്ന വിഷമതകൾ ചിത്രീകരിച്ചുകൊണ്ട് ആരും സ്വന്തം കർത്തവ്യത്തിൽ നിന്ന് വ്യതിചലിക്കരുത് എന്ന സന്ദേശം കഥാകാരൻ നൽകുന്നു.

മടക്കയാത്രയോട് ഏതാണ്ട് സാമ്യമുള്ള കഥയാണ് വഴിയമ്പലം. വൃദ്ധസദനത്തിൻെറ സ്ഥാനത്ത് വഴിയമ്പലം. കേരളത്തിന് വെളിയിലും അമേരിക്കയിലും മുറ്റും താമസിക്കുന്നവരുടെ ഉപേക്ഷിക്കപ്പെട്ട മതാപിതാക്കളുടെ കഥ പറയുന്ന വഴിയമ്പലത്തിൽ നവീനമായ ആശയത്തിൻെറയൊ ഭാവനയുടേയോ ലക്ഷണം അത്രക്കൊന്നും കാണാനില്ല. ഒരു വിവരണം എന്നേ ഈ കഥയെ വിലയിരുത്താൻ കഴിയൂ. അമേരിക്കയിലേക്കുള്ള മലയാളി കുടിയേറ്റക്കാരുടെ ജീവിതത്തിലെ അഭികാമ്യമല്ലാത്ത അനുഭവങ്ങളൂടെ ചിത്രീകരനമാണ് 'മോചനത്തിൻെറ ബലിമൃഗങ്ങൾ'. ചെറുപ്പത്തിൽ മാതാപിതാക്കളോടൊപ്പം അമേരിക്കയിൽ എത്തി ഉന്നത വിദ്യാഭ്യാസം നേടി ജോലി സമ്പാദിച്ച് മതാപിതാക്കളുടെ നിർദ്ദേശപ്രകാരം നാട്ടിൽ പോയി വിവാഹം കഴിച്ച് രണ്ടു കുട്ടികളായപ്പോൾ വിവാഹമോചനത്തിലെത്തി കഷ്ടപ്പെടുന്ന ഒരു പെൺകുട്ടിയുടെ വായനക്കാരെ മാനസികമായി അസ്വസ്ഥമാക്കുന്ന കഥ. രണ്ടു കുട്ടികളെ വളർത്തുന്ന ബുദ്ധിമുട്ടിൽ, പതിനഞ്ചു വയസ്സായപ്പോൾ സ്വവർഗ്ഗരതിയിൽ ഏർപ്പെട്ട് നാശത്തിൻെറ വക്കിലെത്തി നിൽക്കുന്ന കാഴ്ച ആ അമ്മയ്ക്ക് താങ്ങാനാവുന്നതിലുമപ്പുറമായിരുന്നു. ഒരു പതിനഞ്ചുകാരിയുടെ വികാരങ്ങൾ കാടുകയറുന്നതും മൗനഭാവത്തിൽ അമ്മയിൽ നിന്ന് അകന്നു പോകുന്നതും അവളുടെ ലോകത്തിലേക്ക് കൂപ്പുകുത്തുന്നതും കഥാകാരൻ ചിത്രീകരിക്കുമ്പോൾ അതിൽ പൊതുവെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ റ്റീനേജേസിൽ വരുന്ന സ്വഭാവമാറ്റത്തിൻെറ ഭാവപ്പകർച്ച കാണാം. സ്വവർഗ്ഗരതിയിൽ ഏർപ്പെടുന്നവർ അതിൽ തന്നെ ഉറച്ചുനിൽക്കാനാണ് സാധ്യതയെങ്കിലും ഇവിടെ മകൾ തൻെറ കൂട്ടു കെട്ടിൽ നിന്ന് പിന്മാറാൻ തയ്യാറാകുന്നത് അമ്മയ്ക്ക് ആശ്വാസമായി. ഭാര്യാഭർത്താക്കന്മാർ അവരവരുടെ ഈഗോ കോപ്ലക്സ് മുറുകെ പിടിച്ചുകൊണ്ട് പരസ്പരം പിരിയുമ്പോൾ രണ്ടു പേരുടേയും സ്നേഹം ലഭിക്കാതിരിക്കുന്ന അവസ്ഥയിൽ കുട്ടികൾ പല വഴിക്ക് പോകുന്ന കാഴ്ച സമൂഹത്തിൽ കാണാം. തിന്മയിൽ നിന്ന് നന്മയിലേക്കുള്ള ആരോഹണണം ആഗ്രഹിക്കുന്ന കഥാകാരൻ സമൂഹം തിന്മയിലേക്ക് വഴുതി വീഴാതിരിക്കാൻ നടത്തുന്ന ഒരു ബോധനവൽക്കരണം കൂടിയാണ് ഈ കഥയിൽ പ്രതിഫലിക്കുന്നത് എന്നു മനസ്സിലാക്കാൻ വിഷമമില്ല. കഥാകാരൻെറ സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുന്നുവെങ്കിൽ തീർച്ചയായും ലോകം നന്നാകും.

അമേരിക്കയിൽ എത്താനുള്ള ഉപകരണമായി പെൺകുട്ടികളെ കാണുന്നവർ നാട്ടിലുണ്ട്. ഇന്നല്ലെങ്കിൽ നാളെ അവർ വിവാഹമോചനത്തിന് വഴിയൊരുക്കും. അതിനിടക്ക് കുട്ടികൾ ജനിക്കുന്നത് സ്വാഭാവികം. ഭാരതീയ സംസ്കാരം അമേരിക്കൻ സംസ്കാരവുമായി ഇണങ്ങിച്ചേരാത്തുതുകൊണ്ടും ഇത്തരം വിവാഹങ്ങൾ തകർന്നു പോകാറുണ്ട്. അതുകൊണ്ട് അറേ ജ്ഡ് മാര്യേജിന് ഒരു വെല്ലുവിളിയായി. അമേരിക്കൻ

സംസ്കാരത്തിൽ ജനിച്ചു വളർന്നവരാരും തന്നെ നാട്ടിൽ പോയി വിവാഹം കഴിക്കാൻ തയ്യാറാകുന്നില്ല. മാതാപിതാക്കന്മാർ സ്വന്തം സംസ്കാരത്തിൻെറ മഹത്വം ഉയർത്തിപ്പിടിച്ച് കുട്ടികളെ അതിലേക്ക് വലിച്ചിഴക്കാതെ അവർ ജനിച്ചു വളർന്ന സംസ്കാരത്തിന് പ്രാധാന്യം നൽകാൻ അവരെ അനുവദിക്കേണ്ടതാണ് എന്ന് കഥാകാരൻ പരോക്ഷമായി ഓർമ്മപ്പെടുത്തുമ്പോൾ തന്നെ മലയാളി പയ്യനുമായുള്ള അറേയ്ജ്ഡ് മാര്യേജിനെ നിന്ദിക്കുകയും മലയാളികളുടെ ജീവിതരീതിയെ പുച്ഛരിക്കുകയും ചെയ്ത തൻെറ സുഹൃത്തിൻെറ മകൾ തനിക്ക് ഇഷ്ടപ്പെട്ട ഒരു വെള്ളക്കാരനെ വിവാഹം കഴിച്ച് കുടുംബജീവിതം ആരംഭിച്ചപ്പോഴുണ്ടായ ദുരന്തവും കഥാകാരൻ നിരീക്ഷിച്ചറിഞ്ഞത് 'വിലങ്ങുകൾ' എന്ന കഥയിൽ ആവിഷ്കരിക്കുന്നുണ്ട്. കൈക്കുഞ്ഞുമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ സുഹൃത്തിൻെറ മകളെ കണ്ടപ്പോൾ കഥാകാരൻെറ ഉള്ളു പിടച്ചു. സാമൂഹ്യനീതിയേയും കുടുബസ്ഥാപനത്തിൻെറ മഹത്വത്തേയും മാനിച്ച് മാനസികബന്ധങ്ങൾക്ക് പ്രധാന്യം നൽകി അറേജ്ഡ് മാര്യേജിൽ ഏർപ്പെടുന്നവർ കുടുംബഭദ്രത ഉറപ്പു വരുത്താനായി വിട്ടുവീഴ്ചകൾക്ക് തയ്യാറാകുമ്പോൾ വിവാഹ മോചനം വിരളമായേ സംഭവിക്കാറുള്ളു. അവർക്ക് മാതൃകയായി പുരാണത്തിലെ ഏകപത്നീവൃതം അനുഷ്ഠിച്ച രാമനും പാതിവൃത്യവൃതമനുഷ്ഠിച്ച സീതയുമുണ്ടല്ലോ. പാശ്ചാത്യ സംസ്കാരത്തിൽ ദാമ്പത്യത്തിൻെറ നിലനിൽപ്പ് ലൈഗീകതയാണ്. മാനസികമായ അടുപ്പത്തേക്കാൾ അവർ പ്രധാന്യം കൽപ്പിക്കുന്നത് ശാരീരിക വേഴ്ചയിലാണ്. ശാരീകമായ ആവശ്യങ്ങളുടെ നിറവേറ്റലിന് വീഴ്ച സംഭവിക്കുമ്പോൾ പിന്നെ അവർ എത്തുന്നത് വിവാഹമോചനത്തിലാണ്. വാല്മീകിക്ക് ഇണപ്പക്ഷികളിൽ ഒന്നിനെ അമ്പെയ്തു വീഴ്ത്തിയ കാട്ടാളനെ ശപിക്കാനല്ലാതെ അയാളെ ആ ക്രൂരകൃത്യത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ സാധിക്കാതിരുന്നതുകൊണ്ട് ഇണപ്പക്ഷി വിധിക്ക് വിധേയമായതു പോലെ ഏതു തരത്തിലുള്ള വിവാഹമായാലും വിധിക്ക് വിട്ടു കൊടുത്ത് സമാധാനിക്കാനേ നിവൃത്തിയുള്ളു.

അമേരിക്കൻ സമ്പന്നതയുടെ നടുവിൽ മതിമറക്കുന്ന ജീവിതം ആവിഷ്ക്കരിക്കുമ്പോഴും സ്വന്തം സംസ്ക്കാരത്തെ ഉയർത്തിപ്പിടിക്കുന്ന, പാശ്ചാത്യ സംസ്ക്കാരത്തിലേക്ക് യുവതലമുറ വഴുതിപ്പോകരുത് എന്നാഗ്രഹിക്കുന്ന, അമേരിക്കൻ സൗഭാഗ്യത്തെ പുറം തള്ളി മകളേയും കൊണ്ട് നാട്ടിലേക്ക് തിരിച്ചു പോകുന്ന ജോയിയുടെ കുടുംബകഥയുടെ ആവിഷ്ക്കരണമാണ് "മാലാപറമ്പിലെ കണ്ണാന്തളിപ്പൂക്കൾ". ഗ്രാമത്തിൻെറ പ്രശാന്തതയും സൗന്ദര്യയും മറികടക്കാൻ മറ്റൊന്നിനും സാധിക്കുകയില്ല എന്ന് വായനക്കാരെ വിശ്വസിപ്പിക്കത്തക്കവണ്ണം ഗൃഹാതുരത്വത്തിൻെറ നൊമ്പരങ്ങൾ ഉണർത്തത്തിക്കൊണ്ട് മനോഹരമായ ഒരു വയനാടൻ മലയോര ഗ്രാമം വായനക്കാരുടെ മുന്നിൽ അവതരിപ്പിക്കുന്നു. വായനശാലയുടെ ഇരുപത്തിയഞ്ചാം വാർഷികാഘോഷത്തിൽ പങ്കെടുക്കാൻ എത്തിയ എഴുത്തുകാരൻ മാത്യൂസിനെ വായനശാലയുടെ സെക്രട്ടറി ജോയിയുടെ മകൾ ഷെറി വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു. ഷെറിയുടെ അമ്മ നിർമ്മലയെ കണ്ടപ്പോൾ മത്യൂസിൻെറ ചിന്ത പിറകോട്ടു പോയി. കോളേജു ജീവിതത്തിലെ തൻെറ പ്രിയസുഹൃത്ത്. ഞങ്ങൾ പ്രേമിച്ച് നടക്കുകയായിരുന്നില്ല എന്ന് മാത്യൂസ് ജോയിയോട് പറയുന്നുണ്ടെങ്കിലും അയാളുടെ ഹൃദയത്തിൽ നിർമ്മലക്കുണ്ടായിരുന്ന സ്ഥാനം ഒരു കൂട്ടുകാരിയുടേതായിരുന്നില്ല എന്ന് മനസ്സിലാക്കാം. അയാളുടെ ഹൃദയത്തിൻെറ വിങ്ങൽ സംസാരംദ്ധ്യ ജോയിയോട് ഞങ്ങൾ പ്രേമിച്ച് നടക്കുകയായിരുന്നില്ലെന്നും, ഇനി ഒരു വിവാഹം കഴിച്ച് കുട്ടികളുമായി കുടുംബ ജീവിതം നയിക്കണം എന്ന് നിർമ്മല ആഭിപ്രായപ്പെപ്പ്രോൾ എനിക്കൊരു മകളുണ്ടല്ലോ, ഷെറി എന്നും ചുരുങ്ങിയ വാക്കുകളിലുടെ വെളിപ്പെടുത്തുന്ന കഥാകാരൻെറ കൗശലം മനസ്സിലാക്കാൻ വായനക്കാർക്ക് സാധിക്കും. പരിപാടി കഴിഞ്ഞ് തിരിച്ചു പോകുമ്പോൾ നീൾമിഴികളുടെ നീലിമയുമായ് എൻെറ മനസ്സിൻെറ കവാടം തുറന്ന് പുഞ്ചിരി തൂകി നിന്ന അപ്സരസ്സേ, എൻ വികാരം അറിയിച്ചില്ലല്ലോ നിന്നെ ഞാൻ എന്നയാൾ വ്യസനിച്ചു. അവളുടെ മുഖം അയാളുടെ മനസ്സിൽ തെളിഞ്ഞു നിന്നു. അത്യന്തം ഹൃദയസ്പൃക്കായ കഥ.

കുടിയേറ്റക്കാരുടെ ജീവിതത്തെ സ്പർശിച്ചു പോകുന്ന കഥകൾക്കെല്ലാം തന്നെ ആശയസമാനതയുള്ളതായി കാണുന്നു. ആശയങ്ങൾക്ക് സമാനതയുണ്ടെങ്കിലും പ്രവാസജീവിതത്തിൻെറ വ്യത്യസ്ഥ മുഖങ്ങളാണ് സ്വന്തം രചനാ ശൈലിയിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. അമേരിക്കൻ ജീവിതത്തിൻെറ സ്ഫുരണങ്ങൾ നാട്ടിലെ വായനക്കാരുടെ മനസ്സിൽ പതിക്കാൻ പര്യാപതമായ കഥകൾക്കാണ് പ്രാധാന്യമെങ്കിലും മറ്റു വിഷയങ്ങളും ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ടു. വ്യത്യസ്ഥമായ ആശയാവിഷ്ക്കരണത്തോടെയുള്ള കഥളായിരിക്കാം അനുവാചകരെ കൂടുതൽ ആകർഷിക്കുന്നത്. കഥാകാരന് ഭാവുകങ്ങൾ നേരുന്നു.